**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3810** **17-03-2025 - ൽ മറുപടിയ്ക്ക്**

**സിവിൽ സർവ്വീസ് ഉദ്യോഗസ്ഥർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഐ.എ.എസ്., ഐ.പി.എസ്., ഐ..എഫ്.എസ്. തുടങ്ങിയ സിവിൽ സർവ്വീസ് ഉദ്യോഗസ്ഥരുടെ കുറവുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | ഐ.എ.എസ്. കേഡറിൽ 77 ഉം ഐ.പി.എസ്. കേഡറിൽ 26 ഉം, ഐ.എഫ്.എസ്. കേഡറിൽ 25 ഉം ഉദ്യോഗസ്ഥരുടെ കുറവുണ്ട്. |
| (ബി) | ഒരു വകുപ്പുമേധാവിയ്ക്ക് വിവിധ വകുപ്പുകളുടെ ചുമതലകൾ നൽകിയിട്ടുള്ള സാഹചര്യം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (ബി) | നേരിട്ടുള്ള നിയമനത്തിലൂടെയും സ്ഥാനക്കയറ്റത്തിലൂടെയുള്ള നിയമനം മുഖേനയും കൂടുതൽ അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരെ കേരള കേഡറിൽ നിയമിക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. ഇതിനു പുറമേ ഐ.എ.എസ് വിഭാഗത്തിൽ സെലക്ഷൻ പ്രക്രിയയിലൂടെയും ഉദ്യോഗസ്ഥരെ കേഡറിൽ നിയമിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) | അഖിലേന്ത്യാ സർവ്വീസിൽ കേരള കേഡറിലുള്ള എത്ര ഓഫീസർമാർ ഡെപ്യൂട്ടേഷനിൽ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) | നിലവിൽ, ഐ.എ.എസ്-ൽ 28 -ഉം, ഐ.പി.എസ്-ൽ 26 -ഉം, ഐ.എഫ്.എസ്-ൽ 15 -ഉം ഉദ്യോഗസ്ഥന്മാർ കേന്ദ്ര ഡെപ്യൂട്ടേഷനിലും, ഇന്റർ കേഡർ ഡെപ്യൂട്ടേഷനിലുമായി സംസ്ഥാനത്തിന് പുറത്ത് സേവനം അനുഷ്ഠിച്ച് വരുന്നു. കൂടാതെ, ആകെ 21 അഖിലേന്ത്യാ സർവീസ് ഉദ്യോഗസ്ഥർ സംസ്ഥാനത്തിനകത്ത് സ്റ്റേറ്റ് ഡെപ്യൂട്ടേഷനിലും സേവനം അനുഷ്ഠിച്ച് വരുന്നു |

സെക്ഷൻ ഓഫീസർ